പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5443 25.10.2011 ൽ മറുപടിയ്ക്ക്

## പുതിയ വില്ലേജ് ഓഫീസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പുമന്ത്രി) |
| (എ) വലിയ വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന/രൂപീകരണം സംബന്ധിച്ച് ലാൻറ് റവന്യൂ കമ്മീഷണറേറ്റും സർക്കാർ റവന്യൂ വകുപ്പും സംയുക്തമായി 2007 ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. റിപ്പോർട്ട് വിശദമായി പരിശോധിച്ച് സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യതയും അനുബന്ധ പ്രശ്നങ്ങളും കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനു ശേഷം മാത്രമേ വലിയ വില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) എങ്കിൽ ഏറനാട് താലൂക്കിലെ ഏതെല്ലാം വില്ലേജുകളാണ് പ്രസ്തുത പട്ടികയിലുള്ളത് എന്ന് വ്യക്തമാക്കുമോ? | (ബി) നറുകര വില്ലേജ് |

സെക്ഷൻ ഓഫീസർ